# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1312 | 04.12.14 ൽ - മറുപടിക്ക്

## റേഷൻ കാർഡ് പുതുക്കുവാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ്: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) 2013-ൽ കാലാവധി അവസാനിച്ച റേഷൻകാർഡ് പുതുക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ; | (ബി) റേഷൻകാർഡ് പുതുക്കുന്നതിന് 14.01.11 ലെ സ.ഉ.(കൈ)നം.16/11/ത.സ്വ.ഭ.വ., 27.04.12 ലെ സ.ഉ(കൈ)നം.112/12/ത.സ്വ.ഭ.വ. പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിശദമായ അപേക്ഷ ഫാറം തയ്യാറാക്കി 01.01.15 മുതൽ റേഷൻ കടകളിൽ കൂടി കാർഡുടമകൾക്ക് വിതരണം ചെയ്യും. പൂരിപ്പിച്ച ഫാറം പ്രത്യേകം സംഘടിപ്പിക്കുന്ന ക്യാമ്പുകളിൽ കൂടി സ്വീകരിക്കുകയും കാർഡിലുൾപ്പെട്ട മുതിർന്ന വനിതയുടെ ഫോട്ടോ എടുത്ത ശേഷം ഡാറ്റാ എൻട്രി നടത്തി, കരട് മുൻഗണനാ പട്ടിക പ്രസിദ്ധീകരിക്കും. ഇത് സംബന്ധമായി ലഭിക്കുന്ന ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് പഞ്ചായത്ത് സമിതി അംഗീകരിക്കുന്ന അന്തിമ മുൻഗണനാ പട്ടികപ്രകാരം മുൻഗണനാ കാർഡുകൾ നൽകുന്നതാണ്. മുൻഗണനാ പട്ടികയിൽ വരാത്തവർക്ക് പൊതുവിഭാഗം റേഷൻ കാർഡുകളും ഇതോടൊപ്പം നൽകും. |

| | | | |
|---|---|---|---|
| (സി) | പല താലൂക്ക് ഓഫീസുകളിലും നടപടികൾ സ്വീകരിക്കാതെ ഫാറങ്ങൾ കെട്ടികിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | റേഷൻ കാർഡ് പുതുക്കലിന്റെ ഭാഗമായി 15.07.14 മുതൽ റേഷൻ കാർഡിന്റെ ഡാറ്റാബേസ് (ആർ.സി.എം.എസ്) മരവിപ്പിച്ചിട്ടുളളതിനാൽ റേഷൻ കാർഡ് **split** ചെയ്യുന്നതിനും, പേരുകൾ ഒഴിവാക്കുന്നതിനും. കൂട്ടിച്ചേർക്കുന്ന നടപടികളും നിർത്തിവച്ചിരിക്കുകയാണ്. എന്നാൽ അത്യാവശ്യ സാഹചര്യങ്ങളിൽ താൽക്കാലിക കാർഡുകൾ നൽകിവരുന്നു. |
| (ഡി) | പുതുതായി വീട് വെച്ച് താമസിക്കുന്നവർക്ക് റേഷൻ കാർഡ് ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി), (ഇ) & (എഫ്) | പുതിയതായി വീട് വച്ച് താമസിക്കുന്നവർക്ക് പഞ്ചായത്ത്/കോർപ്പറേഷൻ നൽകുന്ന താമസസ്ഥല സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കാർഡു പുതുക്കൽ പ്രക്രിയ അവസാനിച്ച ശേഷം പുതിയ കാർഡ് അനുവദിക്കുന്നതാണ്. എന്നിരുന്നാലും സംസ്ഥാനത്ത് ഇതുവരെ റേഷൻകാർഡ് അനുവദിച്ച് കിട്ടിയിട്ടില്ലാത്തവർക്കും ഒരു റേഷൻ കാർഡിൽ ഉൾപ്പെടുകയും ചെയ്തിട്ടില്ലാത്ത ആൾക്കാർക്കും താൽക്കാലിക കാർഡുകൾ നൽകുന്നുണ്ട്. |
| (ഇ) | എങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ; | | |
| (എഫ്) | ഇവർക്ക് റേഷൻകാർഡ് എന്ന് നൽകാൻ കഴിയുമെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ